21/12/2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/12/2024

1. ചേർത്തല സെന്റ് മൈക്കിൾ കോളജ് ഗ്രൗണ്ടിൽ നടക്കുന്ന 'ചേർത്തല പൊലിമ' കരപ്പുറം കാർഷിക കാഴ്ചകൾക്ക് തിരിതെളിഞ്ഞു. 20ന് വൈകിട്ട് 4ന് കൃഷി മന്ത്രി പി. പ്രസാദിന്റെ  അധ്യക്ഷതയിൽ കേരള നിയമസഭ സ്പീ ക്കർ എ.എൻ. ഷംസീർ കരപ്പുറം കാർഷിക കാഴ്ചകളുടെ ഉദ്ഘാടനം നിർവഹിച്ചു. വഹിക്കും. ഇന്നു മുതൽ 28 വരെയുള്ള ദിവസങ്ങളിൽ 2 മണി മുതൽ വിവിധ കലാമത്സരങ്ങൾ, കാർഷിക പ്രശ്നോത്തരി എന്നിവ നടക്കും. 4 മണി മുതൽ 6.30 വരെ കലാമത്സരങ്ങളും 7 മണി മുതൽ പ്രശസ്തരായ കലാകാരന്മാർ നയിക്കുന്ന വിവിധ കലാപരിപാടികളും നടക്കും. 23ന് രാവിലെ 9 മണി മുതൽ കാർഷിക യന്ത്ര ഉപകരണങ്ങ ളുടെ സർവീസ് ക്യാംപ്, സമാപന ദിവസമായ 29ന് രാവിലെ 9 മുതൽ പരമ്പരാഗത കൃഷി തൊഴിലുകളായ തെങ്ങുകയറ്റം, ഓലമെടയൽ മത്സരവും 11 മണി മുതൽ പുതുതലമുറയിൽ കാർഷിക അഭിരുചി വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടി കർഷകരുടെ അനുഭവം പങ്കുവയ്ക്കലും നടക്കും. വൈകിട്ട് സമാപന സമ്മേളനം കൃഷി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും.

2. വേങ്ങേരി കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽഗുണമേന്മയുള്ള നല്ലയിനം ഹൈബ്രിഡ് തെങ്ങിൻ തൈകളും മാവ്, പ്ലാവ്, പേര, സപ്പോട്ട, ചാമ്പ, ബറാബ, വെസ്റ്റ് ഇന്ത്യൻ ചെറി, ഡ്രാഗൺ ഫ്രൂട്ട്, കുരുമുളക്, സർവ്വസുഗന്ധി, ഗ്രാമ്പു, പട്ട, നാരകം എന്നിവയുടെ ഒട്ടു തൈകളും ലയർ തൈകളും ബഡ് ചെയ്ത തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0495 2935850, 91 88223584

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി ഫാം ദിനം - കതിരൊളി - 2024 ആഘോഷിക്കുന്നു. നെല്ല്, പച്ചക്കറി മുതലായ വിളകളുടെ അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ, വിവിധ വിളകൾക്ക് അനുയോജ്യമായ പരിചരണ മുറകൾ, പരിചരണ മുറകൾക്ക് ആവശ്യമായ നൂതന കാർഷിക യന്ത്രങ്ങൾ മുതലായ സാങ്കേതിക വിദ്യകളുടെ വികസനവും പ്രചരണവും, വിളകളുടെ അത്യുല്പാദനശേഷിയുള്ള ഇനങ്ങളുടെ വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ ഉൽപാദനവും വിതരണവും പ്രഥമ കർത്തവ്യങ്ങളായി പ്രവർത്തിക്കുന്ന ഈ കേന്ദ്രം കാർഷിക സർവ്വകലാശാലയുടെ പ്രധാന ഗവേഷണ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ഫാം ദിനാഘോഷം - കതിരൊളി - 2024 ഡിസംബർ ഇന്ന് (21.12.2024) 2.30 ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മായി അഡ്വ കെ. രാജൻ യോഗത്തിന് അദ്ധ്യക്ഷത വഹിക്കുന്നു കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബി അശോക് ഐ.എ.എസ്. ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുന്നു. ഇതോടനബന്ധിച്ച് വിവിധ കാർഷിക സെമിനാർ, പ്രദർശനം എന്നിവ നടത്തുന്നു.

4. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പാറശ്ശാല സർക്കാർ ആടു വളർത്തൽ കേന്ദ്രത്തിൽ നിന്നും 17 ആടുകളെ 2024 ഇന്ന് (ഡിസംമ്പർ 21 -ാം തീയതി ശനിയാഴ്ച) രാവിലെ 11 മണിയ്ക്ക് പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിൽ വച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് 0471 2202822 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലയിൽ 2023-24 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്ക്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2024 ഡിസംബർ മാസം ഇരുപത്തിമൂന്നാം തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ചു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

6. മൃഗസംരക്ഷണ മേഖലയിലുള്ളവർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം. പശു, ആട്, കോഴി, പന്നി, താറാവ് കർഷകർക്കും കർഷകക്കൂട്ടായ്മകൾക്കും അപേക്ഷിക്കാം. 3 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 1.6 ലക്ഷം രൂപ വരെ ഈടൊന്നും ആവശ്യമില്ല. 7% പലിശയ്ക്കാണു വായ്പ നൽകുക. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശ തിരികെ ലഭിക്കും. പരമാവധി പലിശ സബ്സിഡി 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കാർഡ് ലഭിക്കാൻ പ്രദേശത്തെ സർക്കാർ മൃഗാശു പത്രിയുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (2024 ഡിസംബർ മാസം 21ന്) കാട വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.